**പതിനാലാം കേരളനിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5282** — **23.05.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്**

**എൻ.എച്ച്.എം. ക്ലിനിക്കുകളിൽ താത്ക്കാലിക ഫാർമസിസ്റ്റുകളുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എസ്.ശബരീനാഥൻ** | | **ഡോ. കെ.ടി ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )** | |
| (എ) | സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വിവിധ പഞ്ചായത്തുകളിൽ എൻ.എച്ച്.എം. മുഖേന പ്രവർത്തിക്കുന്ന ആയുർവേദ, ഹോമിയോ, യുനാനി ക്ലിനിക്കുകളിൽ താത്ക്കാലികമായി നിയമിക്കുന്ന ഫാർമസിസ്റ്റുകളുടെ യോഗ്യത എന്താണ്; | (എ) | നിലവിൽ എൻ.എച്ച്.എം ഡിസ്പെൻസറികളിൽ ഫാർമസിസ്റ്റുകളെ നിയമിക്കുന്നതിന് പൊതുവായി എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യ യോഗ്യതയും സാങ്കേതിക യോഗ്യതയായി ഫാർമസിയിൽ ബിരുദം / ഡിപ്ലോമ എന്നിവയാണ് ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ചുവരുന്നത്. മറ്റ് വ്യവസ്ഥകൾ അതാത് ഗ്രാമപഞ്ചായത്തുകൾക്ക് നിശ്ചയിക്കാവുന്നതാണ്. |
| (ബി) | ഇത്തരത്തിൽ നിയമിക്കപ്പെടുന്ന ഫാർമസിസ്റ്റുകളിൽ ഭൂരിഭാഗത്തിനും മതിയായ യോഗ്യത ഇല്ലെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ യോഗ്യത ഇല്ലാത്തവരെ ഉടൻ മാറ്റി യോഗ്യതയുള്ളവരെ പരിഗണിയ്ക്കുമോ; | (ബി) | ഉണ്ട്. എൻ.എച്ച്.എം ഡിസ്പെൻസറികളിൽ നിയമനം നടത്തുമ്പോൾ മതിയായ യോഗ്യതയുള്ളവരെ നിയമിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | എൻ.എച്ച്.എം. പദ്ധതിയിൽ മറ്റടിസ്ഥാന സൗകര്യങ്ങൾ എല്ലാം പഞ്ചായത്തുകളാണ് ഒരുക്കുന്നത് എന്നതിനാൽ ഫാർമസിസ്റ്റ് ഉൾപ്പെടെയുള്ള തസ്തികകളിൽ താത്ക്കാലിക നിയമനം നടത്തുന്നതിൽ പഞ്ചായത്തുകളുടെ ഇടപെടലും ക്രമക്കേടും ഉള്ളതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ